ക്കിച്ചുനോക്കിയാൽ വലിയ അബദ്ധമൊന്നും വരാനില്ല. ഈ സംസ്ഥാനത്തു ഓഹരിയും പോളിസിയും എടുക്കുന്ന ആളുകൾ ധാരാളമുണ്ടെന്നു ബഹുമാനപ്പെട്ട ലാ മെമ്പർതന്നെ സമ്മതിക്കുന്നുണ്ട്. ഇൻഷ്വറൻസിന്റെ ഗുണം ഇന്നതാണെന്നു നാട്ടുകാക്കു മനസ്സിലായിട്ടുണ്ടെന്നും ആ മെമ്പർ സമ്മതിക്കുന്നു. നമ്മുടെ നാട്ടിലെ ആളുകൾ വിദേശ ഇൻഷ്വറൻസ് കമ്പനികളിൽ ചേരുകയും, അതിൽനിന്നുള്ള ലാഭം വിദേശ കമ്പനിക്കാർ കൊണ്ടുപോകാനിടവരുകയും ചെയ്യുന്നതിൽ ഭേദം ഈ സംസ്ഥാനത്തുതന്നെ ഒരു ഇൻഷ്വറൻസ് സ്ഥാപിക്കുകയും ലാലാഭമുണ്ടെങ്കിലും നമ്മുടെ പണം മറുള്ളവർക്കു കൊടുക്കാതിരിക്കുകയും ചെയ്യുകയാണു്. ഇപ്പോൾതന്നെ ആളുകളിൽ അധികഭാഗവും ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചിട്ടുള്ള സ്ഥിതിക്കു ഭാവിയിലെങ്കിലും ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾ ഗവമ്മെണ്ടു ഇൻഷ്വറൻസിൽ ഓഹരിക്കാരായി ചേരാതിരിക്കുകയില്ല. അതുകൊണ്ടു് ഇതിനു് അനുകൂലമായ ഒരു പരിതസ്ഥിതിയാണു് ഇപ്പോൾ കൊച്ചിയിലുള്ളതു്. ആ പരിതസ്ഥിതിയെ അടിസ്ഥാനമാക്കിവച്ചുകൊണ്ടു നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഇൻഷ്വറൻസ് നമ്മുടെ നാട്ടിൽത്തന്നെ സാധിക്കുന്നതിനുള്ള സൌകര്യമുണ്ടാക്കിക്കൊടുക്കുന്നതു നന്നായിരിക്കയില്ലയോ? ഈ ബില്ലിന്റെ സാമ്പത്തികമായ ഗുണദോഷങ്ങളെപ്പറ്റിയും ഇതിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റിയും തിരുമാനിക്കുവാൻ ഒരു സെലക്ടു കമ്മിറ്റിയെ ഏർപ്പെടുത്തുകയും അവരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം ഇതു് വീണ്ടും ആലോചനയ്ക്കെടുക്കുകയും ചെയ്താൽ കൊള്ളാമെന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു.

Mr. George Parakkal *(Narakkal).*—I also support this Bill. After hearing the Hon'ble Mover, I think that this is not an insurmountable Bill as the Government Member has said. I don't say that you must off-hand launch into the scheme. It would be better if we investigate further into the scheme in the Select Committee and if possible to say if it is good for the State.

Mr. P. Govinda Menon *(Adur).*—In a question like this involving difficult principles of finance, I think it is dangerous to come to a conclusion by a priori reasonings. The Hon'ble Member for Finance, in effect though not in so many words, concedes that were it a profitable concern, if it could be successfully carried on on commercial lines, he has no objection to support the bill. The Hon'ble the Mover at the same time contends that it will be a successful proposition from a commercial standpoint, but I think, from the trend of his speech, he also concedes that if it will not be a successful proposition, he is willing to drop the idea. The reasons the Hon'ble Member for Finance adduced in opposing the Bill are in themselves very

LIBRARY ARCHIVES Kerala Legislative Assembly

weighty reasons but I think the Hon'ble Mover of the Bill has been able to meet those arguments also. So that I think the Hon'ble Mover of the bill has succeeded to make out a *prima facie* case. That being so, I think, Sir, it is better that the matter is examined at close quarters in a Committee competent to do the thing and therefore in supporting the bill, I suggest that the matter may be left to be examined by a competent committee. The weighty arguments advanced by the Hon'ble Member for Finance will be fit subject matter for enquiry by that Committee.

* മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— സർ, ഈ പറഞ്ഞ കാരണങ്ങൾകൊണ്ടൊന്നുമല്ല ഞാൻ ഈ ബില്ലിനെ സപ്പോർട്ട ചെയ്യുന്നത്. ഗവമ്മെണ്ടുദ്യോഗത്തുനിന്നു ഇങ്ങനെയുള്ള ഒരു ഇൻഷ്വറൻസു ബിൽ സമ്മതിച്ചു പാസ്സാക്കി കിട്ടുമെന്ന് അനുദ്യോഗസ്ഥ സാമാജികന്മാർ ഒരുകാലത്തും സംശയിക്കേണ്ട ആവശ്യമില്ല.

ഡാക്ടർ എ. ആർ. മേനോൻ (*Pallippuram*).— എന്തുകൊണ്ട്?

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*) — ആ ഭാഗത്തെപ്പറ്റി മാത്രമേ എനിക്കു പറയുവാനുള്ളൂ. മൈസൂരിൽ കമ്പൽസറി ഇൻഷ്വറൻസ് നടത്തിവരുന്നതു ഒരു ശരിയായ അടിസ്ഥാനതത്വത്തിന്മേലാണ്. എന്നാൽ അതിനിടയിൽ കിടക്കുന്ന സംഗതിയെന്താണെന്നു നല്ലവണ്ണം ആലോചിച്ചാൽ മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. ഇവിടത്തെ ബഡ്ജറു നോക്കിയാൽ പെൻഷൻ, ഗ്രാറുവിറ്റി ഈ ഇനങ്ങൾ എത്രയുണ്ടെന്നു അറിയാവുന്നതാണ്. ബ്രിട്ടീഷിൻഡ്യയിൽ ഇതു വലുതായ ഒരു പ്രാബ്ളമായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെ ഈ പെൻഷൻ എന്നുള്ള സംഗതിയെ മാറ്റി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോകുന്ന അവസരത്തിൽ അവരുടെ മേലാലുള്ള സൌകര്യങ്ങളെ കാത്തുരക്ഷിക്കുന്ന ഗവമ്മെണ്ടുതന്നെ ഈ മാതിരിയുള്ള ഒരു വഴിയിൽ ക്രമീയും അവർക്കു കുറച്ചു സംഖ്യ ഉണ്ടാക്കി കൊടുക്കേണ്ടതു് ആവശ്യമാണ്. എന്നാൽ ആ രീതി ഇവിടെ പ്രയോഗിക്കുവാനായി ഇവരാരും സമ്മതിക്കുകയില്ല. എങ്കിലും ഞങ്ങൾക്കിവിടെ പറയുവാനുള്ള സംഗതികൾ കിട്ടീട്ടുള്ള അധികാരം വച്ചുകൊണ്ട് പറയാമെന്നോ വിചാരിക്കുന്നുള്ളൂ.

പുറമെയുള്ള ഇൻഷ്വറൻസു കമ്പനികൾ മുഴുവൻ ഇവിടെവന്നു എല്ലാവരേയും ഇൻഷ്വറൻസു ചെയ്യിച്ചുകഴിഞ്ഞു എന്നിവിടെ പറയുകയുണ്ടായി. എന്നാൽ ആ മാന്യ മെമ്പർ ഇൻഷ്വറൻസിന്റെ അടിസ്ഥാനതത്വം എന്താണെന്നു ധരിച്ചിട്ടില്ല ഇതു പറഞ്ഞതെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇൻഷ്വർ ചെയ്യുവാൻ ആളുകളെ കിട്ടാതെവരുമെന്നാണെങ്കിൽ ഇന്നു ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ ഇൻ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഷ്വറൻസു കമ്പനികളും കെട്ടിവെച്ചു് വെറുതെയിരിക്കയേ തരമുള്ളൂ. നേരെമറിച്ചു് ഇപ്പോൾ ഇൻഷ്വറൻസു കമ്പനികൾ ക്രൂടിക്രൂടിയാണു വരുന്നതു്. അതുകൊണ്ടു് ഇവിടെ ഇൻഷ്വറൻസു് തുടങ്ങിയാൽ അതിൽ ചേരുവാൻ ആളുകളുണ്ടാകയില്ലെന്നു പറയുന്നതിൽ ലേശവും അടിസ്ഥാനമില്ല. ഈ ബിൽ തീരെ നിസ്സാരമായ ഒന്നാണെന്നു വിചാരിക്കരുതു്. അതുകൊണ്ടാണു ഞാൻ ഈ ബില്ലിനെ സപ്പോർട്ടു ചെയ്യുന്നതും സെലക്ടു കമ്മിറ്റിക്കയക്കണമെന്നു് അഭിപ്രായപ്പെടുന്നതും. ഈ ബിൽ ഇപ്പോൾ സ്വീകരിച്ചില്ലെങ്കിൽ വേറെ ഒരു രൂപത്തിൽ ഇതു് ഈ നിയമസഭയിൽ വരാനിടയാകുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ സപ്പോർട്ടു ചെയ്യുന്നു.

* മിസ്റ്റർ സി. ആർ ഇയ്യുണ്ണി *(Trichur South)*.— സർ, ഞാനും ഈ ബില്ലിനെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഇന്നു ലോകത്തിലുള്ള എല്ലാ ജനങ്ങളും ജീവിക്കുന്നതു് അവരവരുടെ സ്വന്തകാര്യം നോക്കുവാൻവേണ്ടി മാത്രമല്ല, അവർ ഓരോരുത്തക്കും യഥാവസരം ഉണ്ടാകുന്നതായ സന്തതികൾക്കു് ഒരു ധനശേഖരം ചെയ്യുവക്കണമെന്നുള്ള ഉദ്ദേശംകൂടി വച്ചുകൊണ്ടാണു്. എന്നാൽ ഓരോരുത്തരും അവരവരുടെ ബുദ്ധിശക്തിക്കനുസരിച്ചു ഇങ്ങനെ ധനശേഖരം ചെയ്യുന്ന കാര്യത്തിൽ പലേ മാർഗ്ഗങ്ങളും സ്വീകരിക്കാറുണ്ടു്. അങ്ങനെയുള്ള ഒരു മാർഗ്ഗമാണു് ഇൻഷ്വർ ചെയ്യുക എന്നതു്. അതിന്റെ മറ്റൊരു ഭാഗമാണു് ചിട്ടിയിൽ ചേരുക എന്നുള്ളതു്. ചിട്ടിയിൽ ചേരുന്നതിന്റെ ഉദ്ദേശവും ഇൻഷ്വറൻസിൽ ചേരുന്നതിന്റെ ഉദ്ദേശവും തമ്മിൽ അല്പം വ്യത്യാസമുണ്ടു്. ഒരാൾ മരിക്കുകയോ അല്ലെങ്കിൽ ഒരു നിശ്ചിതകാലം കഴിയുകയോ ചെയ്താൽ മൊത്തമായി ഒരു സംഖ്യ കിട്ടണമെന്നുദ്ദേശിച്ചാണു് ഇഷ്വറൻസിൽ ആളുകൾ ചേരുന്നതു്. ചിട്ടിയാണെങ്കിൽ ഇതിൽനിന്നും അല്പമൊരു വ്യത്യാസമുണ്ടു്. കുറിയിൽ ചേരുന്നതു തൽക്കാലം കടംവീട്ടുവാനായിട്ടോ വ്യവസായത്തിനുവേണ്ടിയോ ഉപയോഗിക്കുവാനുള്ള സൌകര്യത്തിനുവേണ്ടിയാണു്. ഇൻഷ്വറൻസു കമ്പനികളിൽ എല്ലാക്കാലത്തും ആളുകൾ ചേരുവാൻ ഉണ്ടായിരിക്കും. മറ്റു ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ ഇപ്പോൾ ജനങ്ങളെല്ലാം ഇൻഷ്വറൻസു കമ്പനിയിൽ ചേരുന്നതു വളരെ നല്ലതാണെന്നു ബോദ്ധ്യം വന്നിട്ടുള്ള ഒരു കാലമാണിതു്. എന്നാൽ കുറെക്കാലംമുമ്പു് ആളുകൾക്കു ഇതിന്റെ ഗുണദോഷങ്ങൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമുണ്ടായിരുന്നു. കമ്പനികൾ വർദ്ധിച്ചതോടുകൂടി ആളുകൾക്കെല്ലാം അതിൽ വിശ്വാസം ഉണ്ടായിത്തുടങ്ങി. ഈ കാലത്തു പുതുതായി ഒരു കമ്പനി തുടങ്ങണമെന്നുണ്ടെങ്കിൽ അഡ്വർട്ടൈസുമെന്റിനുംമറ്റും വലിയ പണച്ചിലവുണ്ടാകയില്ല. മുമ്പുതന്നെ തുടങ്ങിനടന്നുവരുന്ന കമ്പനികൾ എല്ലാം ഇതിലേക്കു് അഡ്വർട്ടൈസുമെന്റിനുവേണ്ടി ധാരാളം പണം ചിലവുചെയ്യുകയും ജനങ്ങൾക്കെല്ലാം ബോ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ദ്ധ്യംവരുത്തുകയും ചെയ്യുകഴിഞ്ഞിട്ടുണ്ട്. കൊച്ചി ഗവമ്മെണ്ടിൽനിന്നും ഇവിടെ ഒരു കമ്പനി തുടങ്ങുകയാണെങ്കിൽ അതു ശരിയായി നടത്തുന്നതിനും വലിയ പണിച്ചിലവു വരാതെ കഴിക്കാൻ പ്രയാസമില്ല. മാത്രമല്ല കൊച്ചി ഗവമ്മെണ്ടുതന്നെ പല കാര്യങ്ങൾക്കായിട്ട് പുറമെനിന്നും കടംവാങ്ങിക്കുന്നുണ്ട്. ഇത്തരത്തിൽ ഇവിടെ ഒരു കമ്പനി തുടങ്ങുകയാണെങ്കിൽ തൽക്കാല ആവശ്യങ്ങൾക്കുവേണ്ട പണം ഗവമ്മെണ്ടിന് ഇതിൽനിന്നു വളരെ ബുദ്ധിമുട്ടുകൂടാതെ കിട്ടുവാനും എളുപ്പമുണ്ട്.

തിരുവിതാംകൂറിലെ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വിവരണങ്ങൾ നോക്കുമ്പോൾ അവിടെ എത്രയോ തുച്ഛമായ ഒരു ശതമാനം ആളുകൾ മാത്രമേ മരിച്ചിട്ടുള്ളതായി കാണുന്നുള്ളൂ. അവിടെ നടത്തിവരുന്ന കമ്പനി മിക്കവാറും വിജയകരമായിട്ടാണു കാണുന്നതു്. അതുപോലെ ഇവിടെയും തുടങ്ങി നടത്തുന്നപക്ഷം ഒരുവിധത്തിലും വിജയകരമാകാതിരിക്കുകയില്ല. ഇതിലേക്കുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിനേറയും ആവശ്യംകൂടാതെ കഴിക്കാനും എളുപ്പമുണ്ട്. ഫിനാൻസു ഡിപ്പാർട്ടുമെൻറിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഉച്ച മണിമുതൽ ൪ മണിവരെ ജോലി ഉണ്ടായി എന്നു വരികയില്ല. അതുകൊണ്ട് അവരിൽനിന്നും ചില ആളുകളുടെ ജോലി കഴിഞ്ഞുള്ള ബാക്കി സമയം ഇതു നോക്കുവാനായി ചുമതലപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഇവിടെയുള്ള എല്ലാ ആളുകളും പുറമെയുള്ള വിദേശക്കമ്പനികളിൽ ചേർന്നുകഴിഞ്ഞു, അതുകൊണ്ട് ആളുകളെ കിട്ടുവാൻ പ്രയാസമായിരിക്കുമെന്നു പറഞ്ഞതു് അത്ഥശൂന്യമാണെന്ന് ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോഴും ഉള്ള ആളുകളെല്ലാം ചേർന്നുകഴിഞ്ഞിട്ടുണ്ടെങ്കിൽ ഇനിയും ആളുകൾ മുറയ്ക്കു ഉണ്ടായിക്കൊണ്ടാണിരിക്കുന്നതു്. (ചിരി) ഗവമ്മെണ്ടിൽനിന്നും നേരിട്ടു നടത്തുന്ന സ്ഥാപനമായതുകൊണ്ടു് തീച്ചയായും ജനങ്ങൾക്ക് അതിൽ വിശ്വാസമുണ്ടായിരിക്കയും ചെയ്യും. സാധാരണമായി ജനങ്ങൾ വിദേശക്കമ്പനികൾ നടത്തുന്നതു കാര്യക്ഷമമായ വിധത്തിലാണോ എന്നുള്ളതിനെപ്പറ്റി ചിന്തിക്കാതെ ഏജൻറന്മാരുടെ വാക്ചാതുര്യത്തിൽ പെട്ടിട്ടാണ് അവയിൽ ചേരുന്നതു്.

ഈ ബില്ലിൽതന്നെ പ്രത്യേകിച്ചു് ഒരു പ്രൊവിഷനുണ്ട്. അതിനെക്കുറിച്ചു നല്ലവണ്ണം ആലോചിച്ചു ഗവമ്മെണ്ടിന് ഇതു ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം തുടങ്ങിയാൽ മതി. അതു ചെയ്യാതെ ഈ സമയത്തുതന്നെ ഗവമ്മെണ്ടു പക്ഷത്തുനിന്നു ഈ ബിൽ സ്പീകരിക്കയില്ലെന്നു പറഞ്ഞതിൻറെ അർത്ഥം മനസ്സിലാകുന്നില്ല. ഇത്രമാത്രം പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

* **Dr. A. R. Menon** *(Pallippuram)*.—I won't take much time because I am not going to teach this House that in Insurance

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Companies the whole amount of the premium will have to be paid if anybody dies. Members of this House know that insurance is a safe investment for the future. These are the great truths promulgated by the Members. The only question we have to consider is whether we have sufficient scope to start an insurance Company. Nobody is going to question the utility of insurance companies. But are we in a position to carry out the scheme of this nature involving as it does a heavy expenditure. It may be clearly understood that some of the very best companies have come to grief. I am not opposed to the measure. But whether the Company is small or big so far as the expenditure is concerned there will not be much difference. The expenditure with regard to the Cochin Government will be the same as in Travancore though the investment is only less. My only suggestion is would it be possible by any means to have a joint insurance company for the two States because the expenditure then will be very small and the investments will be greater. A business based upon such a proposition would be very profitable and I think would be more successful than an Insurance Company started in a small State like ours.

Mr. P. V. Subramania Ayyar *(Comptroller of Accounts).*—Government are considering the matter.

Dr. A. R. Menon *(Pallippuram).*—I am not going to oppose this measure but I am not very optimistic about the success of this measure in this small State. I am not competent to say anything one way or the other. Therefore I am going to remain neutral, but the Government will be pleased to consider the matter of starting a company for the two States Cochin and Travancore.

മിസ്റ്റർ പി. രാമൻമേനോൻ *(Mulakunnathukavu).*— മിസ്റ്റർ പ്രസിഡൻറ് സർ, എനിക്കും ഇൻഷ്വറൻസിനെക്കുറിച്ചൊന്നു പ്രസംഗിക്കണമെന്നുണ്ട്. പ്രസംഗത്തിന് ഏറ്റവും പറ്റിയ ഒരു വിഷയം തന്നെയാണ് ഇൻഷ്വറൻസ്. ഇൻഷ്വറൻസ് ഏജണ്ടുമാരുടെ 'വിടാ പ്രസംഗങ്ങൾ' സുപ്രസിദ്ധങ്ങളുമാണ്. അതിനാൽ എനിക്ക് പറവാനുള്ളതു ഞാനും പറഞ്ഞു തീർത്തേക്കാം. ആരെന്തു പറഞ്ഞാലും പറയാഞ്ഞാലും ഇൻഷ്വർ ചെയ്വാനുള്ളവർ അതു ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്തുകൊള്ളും. ഗവൺമെൻറിൻെറ ധനകാര്യ മെമ്പറും അനുദ്യോഗസ്ഥഭാഗത്തുനിന്നതനെ ചിലരും ഈ ബില്ലിനെ എതിർത്തു. ഒരു ഇൻഷ്വർ നിയമത്തിനു വേണ്ടത്തക്ക ജനങ്ങൾ നമ്മുടെ രാജ്യത്തില്ലെന്നും, രാജ്യത്തിൻെറ ധനസ്ഥിതി മോശമാണെന്നും ഈ ദാരിദ്ര്യ കാലത്തു പ്രത്യേകിച്ചും അതു ചിന്തനീയമല്ലെന്നും, ഇൻഷ്വറി നേക്കാൾ നല്ലതായ കുറി ഏർപ്പാട് ഈ രാജ്യത്തുണ്ടെന്നും, ഒരുമാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാരൊക്കെ ഓരോ കമ്പനിയിൽ ചേർന്നു കഴിഞ്ഞിരിക്കുന്നു എന്നും മറ്റുമാണ് എതിർവാദികളുടെ വാദം. ഇതിനു വേണ്ട ആളിവിടെയുണ്ടെന്നും വ്യവസായ മാന്ദ്യങ്ങളിലും പ്രത്യേകിച്ച് ഭ്രപണയ ബാങ്കിലും കമ്പനിപ്പണം നിക്ഷേപിക്കാമെന്നും തൊഴിലില്ലായ്മയ്ക്കു പരിഹാരമാകുമെന്നും അയൽരാജ്യങ്ങളിലെല്ലാമിതുണ്ടെന്നും, കൊച്ചി വലിയ തുറമുഖപട്ടണമാണെന്നും, ഏതു നിലക്കും എല്ലാംകൂടി നോക്കിയാൽ ഇങ്ങിനെ ഒരു കമ്പനി സ്ഥാപിക്കുന്നതിനു ഇതു പറ്റിയ ഒരു കാലം വേറെയില്ലെന്നും ആകുന്നു അവതാരകന്റെയും അനുചരന്മാരുടേയും അഭിപ്രായങ്ങൾ.

ഈ എല്ലാനിലകളേയും നമുക്കൊന്നു നല്ലവണ്ണം പരിശോധിക്കുക. കാലസ്ഥിതിനോക്കിയാൽ ഇതുനല്ല ഒരവസരം ഇക്കാര്യത്തിനു ഇനി കൈവരില്ലെന്നാണ് എന്റെയും പക്ഷം. ഇൻഷ്വറൻസു പോളിസികളെ നാട്ടുകാർ "മരണക്കുറികൾ" എന്നാണു സാധാരണ പറഞ്ഞുവരുന്നതു്. മിക്കവാറും ആരെങ്കിലും മരിച്ചാൽ കിട്ടുന്ന കുറികളായതുകൊണ്ടാണ് ആ പേർ വന്നതെന്നതു്. അതു ശരിയുംതന്നെ. മരണക്കുറി തുടങ്ങുവാനുള്ള കാലം ഇപ്പോൾ തന്നെയാണു്. എന്തുകൊണ്ടാണെന്നാൽ ജീവിതക്കുറികളെക്കുറിച്ചു് — നമ്മുടെ രാജ്യത്തുള്ള സാധാരണക്കുറികളെക്കുറിച്ചു് — പല നിയമങ്ങളും നാം പാസ്സാക്കിക്കഴിഞ്ഞു. കുറികൾ നിരുത്തിവെക്കണം, കാലം വർദ്ധിപ്പിക്കണം, നറുക്ക് സംഖ്യകൾ കുറവാക്കണം, ജാമ്യാധാര നിശ്ചയങ്ങൾക്കു നിയമപ്രാബല്യം നൽകരുതു് എന്നു തുടങ്ങി പല വ്യവസ്ഥകളും നമ്മുടെ ഇന്നത്തെ സമൃദ്ധിയുടെ ഫലമായി നാം ചെയ്യുകയോ, ചെയ്യുവാൻ നിർബ്ബന്ധിക്കുകയോ ഉണ്ടായിട്ടുണ്ടു്. ആ സ്ഥിതിക്കു് പിന്നെ നോക്കേണ്ടതു മരണക്കുറികളെക്കുറിച്ചാണു്. മരിച്ചതിൽപിന്നെ ഉണ്ടാകുന്ന അത്തരം കുറികളെക്കുറിച്ചു് മരിക്കുന്നതിനു മുമ്പുതന്നെ നമുക്കു ചിലതെല്ലാം ചെയ്യുവെക്കാൻ സാധിച്ചില്ലെങ്കിൽ മുന്നറിയിപ്പോ മര്യാദയോ കൂടാതെവന്നു പിടികൂടുന്ന മരണത്തിന്റെ കുറിയായിരിക്കും നമ്മുടെ മരണക്കുറി, അതുകൊണ്ടു് നമുക്കൊക്കെ ജീവനുള്ളപ്പോൾതന്നെ— ഇന്നുതന്നെ— ആ കുറിയുടെകാര്യം തീരുമാനിക്കേണ്ടതാണു്.

ഒരു ഇൻഷ്വറൻസ് കമ്പനിതുടങ്ങുവാൻമാത്രം നമ്മുടെരാജ്യത്തു് ആളില്ലെന്നു പറയുന്നതു് അസത്യവും അബദ്ധവുമാണു്. കാനേഷുമാരിക്കണക്കിൽ കൊച്ചീരാജ്യത്തു് ഏഴുലക്ഷം ജനങ്ങളുണ്ടെന്നു പറയുന്നതു് കളവല്ലെന്നു കണ്ടാലുമറിയാം. ഒരു ഇൻഷ്വറൻസു് കമ്പനിയിലും എല്ലാംകൂടി നോക്കിയാൽ എങ്ങിനെ ആയാലും ഒരു ലക്ഷത്തിലധികം ആളുകൾ ഉൾപ്പെട്ടിരിക്കയില്ല. ആ സ്ഥിതിക്കു ലക്ഷക്കണക്കിനു ആളുകളെ ചേർക്കാവുന്ന പന്ത്രണ്ടു കമ്പനികൾക്കു സൌകര്യമുള്ള ഈ രാജ്യത്തു് ഒരു കമ്പനിയുണ്ടാകണമേന്നോ അവതാരകൻ പറയുന്നുള്ളൂ. അതു് എത്രയോ ഉചിതമായ ഏളിയ ഒരു ആഗ്രഹമാണു്. ചിലർ പറഞ്ഞേക്കും ഈ പന്ത്രണ്ടുലക്ഷത്തിൽ മൂന്നിലൊന്നെങ്കിലും കുട്ടികളായിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കയില്ലേ എന്ന്. എന്നാലെന്താണ്, കുട്ടികളുടെ വിദ്യാഭ്യാസ പോളിസി, കല്യാണ പോളിസി, ശീമയാത്ര പോളിസി, എന്നിങ്ങനെ മൈനർമാരെക്കൂടി പെടുത്താവുന്ന എത്രയെത്ര പുതിയ തരം പോളിസികളുണ്ട്. അതുകൊണ്ട് കുട്ടികളുടെകാര്യം തീരെ സാരമുള്ളതല്ല. കൊച്ചിയിൽ ആളുകളുണ്ട്, വേണ്ടിടത്തോളമുണ്ട്, പോരെങ്കിൽ കൊച്ചി നല്ല തുറമുഖം, ലോകോത്തരമായ തുറമുഖംക്രൂടിയാണ്. എവിടന്നൊക്കെത്തന്നെ ജനങ്ങൾ കൊച്ചിയിൽ വന്നിറങ്ങുകയില്ല. നാം പറഞ്ഞാൽ അവരൊക്കെ നമ്മുടെ കമ്പനിയിൽ ഒന്നോ രണ്ടോ പോളിസിയെങ്കിലും എടുക്കാതെ മലബാർ ഹോട്ടൽ വിട്ടുപോകുമോ? പണമില്ലെന്നു പറയുന്നതിന്നും അർത്ഥമില്ല. കൊടുക്കാൻ മനസ്സില്ലായ്മ മാത്രമേയുള്ള. അല്ലെങ്കിൽ ഈ നികുതികളെല്ലാം ബാക്കിക്രൂടാതെ പിരിയുന്നതെങ്ങിനെയാണ്? നമ്മുടെ ഇൻഷ്വറൻസ് കമ്പനി സർക്കാർവകയാണ്. പോളിസി എടുത്താൽ പിന്നെ പിരിവൊക്കെ റവന്യൂ വകുപ്പുകാർ നടത്തിക്കൊള്ളും. അവരേതായാലും നികുതികിസ്സുകൾ പിരിക്കുവാൻ ഓരോവീട്ടിലുംചെന്നു കിണ്ടിയും കിണ്ണനും എടുക്കാതിരിക്കയില്ല. അതോടുക്രൂടി രണ്ടു ഉരുളികളുംക്രൂടി ഇൻഷ്വറൻസ് പ്രീമിയംവകക്കുംക്രൂടി അവർ എടുത്തുകൊള്ളും. അതിൽ ജനങ്ങൾക്കു ക്ലേശമൊന്നും വരുന്നതല്ല. പിന്നെ നമ്മുടെ നാളികേരത്തിന്നും നെല്ലിന്നും വിലയില്ലെങ്കിൽ ഉള്ള നെല്ലും നാളികേരവും ഇൻഷ്വർ കമ്പനിക്കാരെ ഏല്പിച്ചാൽമതി. അവർ അതു കൊച്ചിയിലെത്തിച്ചു കച്ചോടമാക്കി സംഖ്യയാക്കിക്കൊള്ളും. അതിന്നും ജനങ്ങൾ ബുദ്ധിമുട്ടേണ്ടിവരില്ലാ. ഒരു മാതിരിക്കാരെയൊക്കെ ഓരോ കമ്പനിക്കാർ പിടിച്ചു കഴിഞ്ഞു എന്നു പറയുന്നതു നേരായാലും അതുകൊണ്ടു നാം പിൻവലിയേണ്ടതില്ല. ജനങ്ങൾ വർദ്ധിച്ചുതന്നെവരുന്നു. പോയവക്കു മാത്രമല്ല. ഉള്ളവക്കു മാത്രമല്ലാ. വരുന്നവക്കും ഇല്ലാത്തവക്കും പോളിസി ആവശ്യമാണ്. തൊഴിലില്ലായ്മക്കു വാസ്തവത്തിൽ ഇൻഷുറൻസ് കമ്പനിയുടെ സ്ഥാപനം നല്ല ഒരു മരുന്നാണ്. വളരെ ആളുകളെ അതിൽ ചേക്കാം. വളരെ ആളുകൾക്കു അതിന്റെ ഏജൻസി എടുക്കാം. പോളിസി എടുക്കൽതന്നെ നമ്മുടെ ചെറുപ്പക്കാക്കൊക്കെ ഒരു തൊഴിലായിത്തീരുന്നതാണ്. കമ്പനിവകധനം നിക്ഷേപിക്കുന്നതിന്ന മൈസൂർ രാജ്യത്തും മറ്റുമുള്ളപോലെ ഈ രാജ്യത്തു വ്യവസായസ്ഥാപനങ്ങളില്ലെന്നു പറയുന്നതു അജ്ഞതകൊണ്ടല്ലെങ്കിൽ പരിഹസിക്കാനാണ്. നമ്മുടെ പോട്ടറിയും, ടാനറിയും, ഇൻഷ്വർ കമ്പനിപണം കൊണ്ടിട്ടാൽ വളരാതിരിക്കയില്ല. ഒന്നുമില്ലെങ്കിൽ നമ്മുടെ സർവ്വരോഗസംഹാരിയായ ഭ്രുണയബാങ്കുണ്ട്. 10 ലക്ഷത്തിന്നുള്ള അപേക്ഷക്കാർ ഇപ്പോൾതന്നെയുണ്ട്. പത്തുലക്ഷമാണ് ഒട്ടാകെ മുതൽ കണ്ടിട്ടുള്ളതു്. കമ്പനി പണംമുഴുവനും അതിലടക്കാം. നാട്ടാക്കു കൊടുക്കാം. പോളിസിക്കാർ വരുമ്പോഴോ ഏതാണെങ്കിൽ ആയം മരിച്ചിട്ട വേണ്ടേ പോളിസി മച്ചൂർ ആവാൻ. ആരും മരിക്കാതെ നോ

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. ഹെൽത്ത് ഡിപ്പാർട്ടുമെണ്ടു ഒന്ന് മനസ്സുവെച്ചാൽ അകാല മരണത്തെ സംഭവിപ്പിക്കുന്നതല്ല എന്നുമാത്രമല്ല മരിച്ചുപോയവരുടെ പണത്തിന്റെ കണക്കു് മരിക്കുന്നവർ മരിക്കുന്നവർ എത്തിക്കൂട്ടുന്നതു് ഒക്കെ ഒരിടത്തായതുകൊണ്ടു് അവിടെവെച്ചു പറഞ്ഞാലും പോരായ്കയില്ല. അതുംവിട്ടു് വല്ലവരും തിട്ടക്കപ്പെട്ടുന്നതായാൽ ഏവക്കും അസംഖ്യം വേറെ ഇടപാടു് ചെയ്യുവാനായതുകൊണ്ടു് ഭൂപണയബാങ്കുകാർ എഴുതിവാങ്ങിയിട്ടുള്ള പണയാധാരങ്ങളിൽ ഇനംഖനംപോലെ അവക്കു കൈമാറ്റംചെയ്തു കൊടുത്താൽ അവർ തൃപ്തിപ്പെടാതിരിക്കയില്ല. മൈസൂരിലും തിരുവിതാംകൂറിലും ഇൻഷ്വർ നിയമമുണ്ടെന്നു. അതുമാത്രംമതി നമുക്കും ഒന്നുണ്ടാക്കേണ്ടതാണു് എന്നു സ്ഥാപിക്കുവാൻ. അവിടത്തെ ശിവസമുദ്രവും പള്ളിവാസലും നമുക്കിങ്ങോട്ടുകടത്തിക്കൊണ്ടുവരാൻ വയ്യെങ്കിലും ഇൻഷ്വർ ബില്ലിനെ കൈക്കൊള്ളുവാൻ എന്താണു വിരോധം? ഹാർബർമൂലം ലോകപ്രസിദ്ധി സിദ്ധിച്ച കൊച്ചിയുടെ പോരോട്ടക്കുടിയ കൊച്ചിൻ ഇൻഷ്വറൻസ് കമ്പനിക്കു മറ്റു ഏതുകമ്പനിക്കായിലും മെച്ചവും മേന്മയും നമ്മുടെ നാട്ടിലില്ലെങ്കിൽ പുറംനാട്ടിലെങ്കിലും ഉണ്ടാകാതിരിക്കയില്ല. അതുകൊണ്ടു് ഈ ബില്ലിന്നു കാലവും സന്ദർഭവും ശരിയായിട്ടുണ്ടു് എന്നതന്നെയാണു് എന്റെ പക്ഷം. ഇക്കാര്യത്തിൽ ഞാൻ വോട്ടുചെയ്യുന്നതു് എന്റെ ഇഷ്ടംപോലെ തന്നെ ആയിരിക്കുമെങ്കിലും അന്യോഗസ്ഥാംഗങ്ങളെല്ലാം അവതാരകനെ അനുകൂലിച്ചു വോട്ടുചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Dr. A. R. Menon *(Pallippuram).*—I move that the question may be put.

Mr. K. S. Manickam *(Irinjalakkuda).*—I second it.

Motion was put and carried.

Mr. Thomas Manjuran *(Government Advocate and Law Officer).*—I do not think that this requires a long speech because the pros and cons have been sufficiently dealt with and I think the final parady should convince the legislature including the Hon'ble Member for Pallippuram who, I think, will revise his decision not to vote seeing that the proposition before the House does not command support. Merely because there are insurance companies in the neighbouring States with big populations this House will hardly be justified in pressing upon the Government to start insurance companies here. There is such a thing as proportion and size. If we start a small insurance company and if we finance funds to the Land Mortgage Bank and other long term loans to the societies the consequence may be the forecast made by the Hon'ble Member for Mulakunnathukavu.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar *(Urakam).*—What is the forecast?

Mr. Thomas Manjuran *(Government Advocate and Law Officer).*—The Hon'ble Member must have enjoyed when the statement was made about meeting in the other world etc.

Mr. E. Ikkanda Warriar *(Urakam).*—We were enjoying only the humor and not the facts.

Mr. Thomas Manjuran *(Government Advocate and Law Officer).*—I can quite understand the legitimate aspirations of the subjects of the state for having reliable insurance companies and to provide protection for them. I am aware there are some reliable companies even in our State. If it is the question of Government negotiating with these companies to offer fair fecilities to the State or inducing these companies to invest a good amount collected in the state giving additional fecilities to companies, then the Government will consider and will be ready to undertake such measures.

Mr. E. Ikkanda Warriar *(Urakam).*—Is there any such Company under contemplation?

Mr. Thomas Manjuran *(Government Advocate and Law Officer).*—That question cannot be answered off hand just now because Government have to consider deeply in the matter and being only a limb thereof I cannot satisfy the curiosity idle or otherwise of the Hon'ble Member for Urakam. I can understand the aspirations on the part of the people of the State. Let the Government negotiate with some Company and induce them to invest a part of the money they collect in the State on favourable terms so as to benefit the contributors and indirectly the State. But to pass a bill against the desire or opinion of the Government and compel them to start an insurance Company is, I must say, a tall order.

Mr. C. R. Iyyunny *(Trichur South).*—Are we discussing the question whether the Insurance Company should be started within a reasonable time after the passingof this bill.

Mr. Thomas Manjuran *(Government Advocate and Law Officer).*—Yes. If the Hon'ble Member wants only the measure to be passed it will be done. I think it will be hardly fair to encourage them to go on with a bill which is not likely to materialise. We are such a small State. Our population is so small and poor. I wonder the Hon'ble Member for Urakam supports this measure because his persistent plea was for remission of land revenue. I think if any Hon'ble Member has been

LIBRARY ARCHIVES Kerala Legislative Assembly

agitating for remission it is that Hon'ble Member. Does the Hon'ble Member expect the people to flock to the insurance companies and get themselves insured. Has the Depression left the state from yesterday onwards.

Mr. E. Ikkanda Warriar *(Urakam).*—Has the Government forgotten what they told me then that the land was flowng with honey and all that.

Mr. Thomas Manjuran *(Government Advocate and Law Officer).*—Government are not satisfied that there has been such a tremendous change that in Cochin we can find lucrative business. Government is bound to oppose this bill.

മിസ്റ്റർ ഏ. നാരായണമേനോൻ (*Vyttila*).— സർ, ഇതിന് അധികം മറുപടി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ബഹുമാനപ്പെട്ട ലാമെമ്പർ അവർകൾ ലാൻഡ് റമിഷൻ വേണമെന്നു പറയുന്ന ഈ രാജ്യത്താണോ ഇതാവശ്യമുള്ളതെന്നു ചോദിക്കയുണ്ടായി. നിങ്ങൾക്കു നികുതി തരാൻ ഞങ്ങൾക്കു ത്രാണി ഉണ്ടാക്കാനെങ്കിലും എന്റെ ബിൽ നിയമമാക്കി നടപ്പിൽ വരുത്തണം. പിന്നെ ഗവമ്മെണ്ടുപക്ഷത്തുനിന്നു ഇവിടെയാതൊരു ഇൻഷ്വറൻസു കമ്പനിയുമില്ലാത്തതിനെപ്പറ്റി പറയുകയുണ്ടായി. അതിനു കാരണം ഇവിടത്തെ നിയമമാണ്. ഫ്രഫ്രം-ലെ രണ്ടാം റഗുലേഷൻ ഇവിടെ പാസ്സായിട്ടുണ്ട്. ആ നിയമപ്രകാരം ഒരു ഇൻഷ്വറൻസ് കമ്പനി ഇവിടെ തുടങ്ങണമെങ്കിൽ ഇരുപത്തയ്യായിരം രൂപാ ഗവമ്മെണ്ടിലേക്കു കെട്ടിവെക്കണം. അതുകൊണ്ടാണ് ഇവിടെ കമ്പനികളൊന്നുമില്ലാത്തത്. ഭാവിയിലും കൊച്ചിയിലെ പൗരന്മാർക്ക് ഒരു ഇൻഷ്വറൻസ് കമ്പനി തുടങ്ങുവാൻ അസാദ്ധ്യമായ ഘട്ടത്തിലാണ് കൊച്ചീക്കാരെ വരുത്തിവച്ചിട്ടുള്ളതു്. ഈ ഇരുപത്തയ്യായിരം രൂപാ കെട്ടിവെക്കണമെന്നുള്ള നിയമം ഉരിക്കുന്ന കാലത്തോളം കൊച്ചീക്കാർക്കു ഒരു കമ്പനി തുടങ്ങുവാൻ ആഗ്രഹമുണ്ടെങ്കിൽതന്നെ അതു സാധിക്കുന്നതല്ല. വിസ്താരമേറിയ തിരുവിതാംകൂറിലും ബ്രിട്ടീഷിലുമുള്ള കമ്പനികൾക്ക് ഇതുക്കു കഷ്ടപ്പാടില്ല.

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ (*Comptroller of Accounts*).—അവിടെ രണ്ടുലക്ഷം കാണും.

മിസ്റ്റർ ഏ. നാരായണമേനോൻ (*Vyttila*).— അവിടെയും ഇരുപത്തയ്യായിരമേയുള്ളൂ. ഗവമ്മെണ്ടിൽനിന്ന് ഒരു ഇൻഷ്വറൻസ് ഏർപ്പാടു തുടങ്ങുന്നില്ലെങ്കിൽ നാട്ടുകാക്കെങ്കിലും ഒരു കമ്പനി തുടങ്ങാനുള്ള പരിതസ്ഥിതിയല്ല ഇവിടെയുള്ളതെന്നു ഗവമ്മെണ്ടു മനസ്സിലാക്കേണ്ടതാണ്. തിരുവിതാംകൂറിലെ ഇൻഷ്വറൻസ് ഭരണം മോശമായെന്നു ഇവിടെ പറഞ്ഞതിന് ആ ഗവമ്മെണ്ടു് ആക്ഷേപിക്കാതിരുന്നാൽ ഭാഗ്യം. ഏതു കാര്യത്തിലും ക്രമേണ ഓരോ പടി മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് തിരുവിതാംകൂർ. അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഷ്വറൻസ് വകുപ്പ് വളരെ നല്ല നിലയിൽ വന്നിരിക്കുന്നു എന്നാണ് എന്റെ അറിവ്. മൈസൂറിലും ഇതുതന്നെയാണു സ്ഥിതി. ഇങ്ങിനെ ഇരിക്കുമ്പോൾ കൊച്ചിയിൽ മറിച്ചാകുവാൻ തരമില്ല. ഒന്നു ചുരുക്കിപ്പിടിച്ചു ചിലവു ചെയ്യുകയാണെങ്കിൽ കൊച്ചീരാജ്യക്കാർക്കും കൊച്ചി ഗവൺമെണ്ടിനും ഈ ഇൻഷ്വറൻസ് സ്കീം ഒരനുഗ്രഹമായിട്ടു വരുമെന്നു ഞാൻ തീച്ചയായിട്ടും പ്രസ്താവിക്കുന്നു. അല്പം ദീർഘദൃഷ്ടിയൊക്കെ നമുക്കു വേണം. ഇതിനെപ്പറ്റി അധികമൊന്നും പ്രസംഗിക്കണമെന്നു വിചാരിക്കുന്നില്ല. ഇതു് വോട്ടിനിടണമെന്നാപേക്ഷിക്കുന്നു.

Motion was put and carried.

Mr. V. K. Kutty.— A Poll, Sir.

POLL.

Ayes.	Noes.
1. Mr. S. S. Koder.	1. Mr. T. S. Narayana Ayyar.
2. ,, C. R. Iyyunny.	2. ,, K. Achyuta Menon.
3. ,, P. Kumaran Ezhuthassan.	3. ,, M. P. Cherian.
4. ,, T. K. Nayar.	4. Rao Sahib I. N. Menon.
5. ,, K. Kunhirama Menon.	5. Mr. Thomas Manjuran.
6. ,, P. Govinda Menon.	6. Dr. Raghavendra Rao.
7. ,, K. M. Kunhi Moideen.	7. Mr. A. L. Devassy.
8. ,, V. K. Krishnankutty.	8. Dr. E. S. R. Menon.
9. ,, T. C. Iyyukutty.	9. Mr. M. Narayana Menon.
10. ,, K. S. Panickar.	10. ,, P. V. Subramania Ayyar.
11 ,, P. J. Alexandar.	11. Rama Varmha Tampuran.
12. ,, K. Ashtamoorthi Nambudiripad.	12. Mr. Krishna Warriar.
13. Mr. E. Ikkanda Warriar.	13. ,, V. K. Aravindaksha Menon.
14. ,, George Parakkal.	14. ,, K. Narayana Menon.
15. ,, T. A. Ramachandra Ayyar	15. ,, V. S. Krishnan Vydiar.
16. ,, K. S. Manickam.	16. ,, V. K. Kutty.
17. ,, A. Narayana Menon.	17. Miss G. M. D'souza.
18. ,, P. C. Varkey.	

Neutrals.

1. Dr. A. R. Menon.
2. Mr. A. V. Moothedan.
3. ,, M. Sivarama Menon.
4. ,, P. Raman Menon

Motion was therefore carried.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Narayana Menon *(Vyttila).*—I move that the bill be referred to a Select Committee consisting of Messrs. P. Kumaran Ezhuthassan, E. Ikkanda Warriar, P. C. Varkey, P. Govinda Menon, the Finance Member, V. K. Kutty and the mover.

Mr. K. S. Manickom *(Irinjalakkuda).*—I second it.

Mr. T. K. Nayar *(Pazhayannur).*—I suggest the name of Mr. M. Sivarama Menon also.

Motion was put and carried.

Deputy President.—The Committee will report within two months. The Government Advocate will be the Chairman.

The Cochin Nambudiri Kudumba Bill.

Mr. T. A. Ramachandra Ayyar *(Nellayi).*—I move for leave to introduce the Cochin Nambudiri Kudumba Bill.

Mr. P. Govinda Menon *(Adur).*—I second it.

Motion was put and carried

The Cochin Joint Land Registration Regulation Amendment Bill.

Mr. K. Ashtamoorthi Nambudiripad *(Land owners).*—I beg leave to introduce the Cochin Joint Land Registration Amendment Bill.

Mr. P. Govinda Menon *(Adur).*—I second it.

Motion was put and carried.

The Cochin Land Acquisition Regulation Amendment Bill.

Mr. A. V. Moothedan *(Chalakkudi).*—I move for leave to introduce the Cochin Land Acquisition Regulation Amendment Bill.

Mr. V. K. Kutty *(Muslims).*—I second it.

Motion was put and carried.

The Cochin Village Panchayat Regulation Amendment Bill.

Mr. A. Narayana Menon *(Vyttila).*—I move for leave

LIBRARY ARCHIVES Kerala Legislative Assembly